# ഉലിക

## ജി എച്ച് എസ് എസ് മാരായമംഗലം

# INDEX


........................................................................................................................1
ജി എച്ച്എസ് എസ് മാരായമംഗലം......................................................3
ലിറ്റിൽ കൈറ്റ്സ്.....................................................................................4
*കഥശാന്തി ,സമാധാനം, ഐക്യം,നാട് വീട്*...........................................5
ആർട്ട് ഗാലറി..........................................................................................9
ഫേസ്ബുക്ക് വിശേഷങ്ങൾ......................................................................11
ടിപ്സ് &ട്രിക്സ്.......................................................................................11
പൂർവവിദ്യാർത്ഥി സംഗമം....................................................................12
സൂപ്പർ സ്ക്രിപ്റ്റും സബ്സ്ക്രിപ്റ്റും.......................................................13
കടങ്കഥകൾ..........................................................................................14
നിറമുള്ള ഓർമകൾ................................................................................14
വിജയത്തിളക്കത്തിൽ............................................................................16
മാരായമംഗലം ഹൈസ്കൂൾ....................................................................16
വിജയകുതിപ്പിൽ മാരായമംഗലം..........................................................17
കൊതിക്കുന്ന ബാല്യം............................................................................18
ജൈവ വൈവിധ്യ രജിസ്റ്റർ....................................................................19
ഫുഡ് ഫെസ്റ്റ്.........................................................................................19
നരിമട സന്ദർശനം.................................................................................24
കൃഷി ഓഫീസ് സന്ദർശനം.....................................................................25
മുഖ്യമന്ത്രിയുടെ....................................................................................25
ദുരിതാശ്വാസനിധിയിലേക്ക്...................................................................25
സമ്മാനമായി സൈക്കിൾ.......................................................................26
L E D നിർമാണം...................................................................................27
പ്ലാസ്റ്റിക് പേന ശേഖരണം മഷിപ്പേന പ്രോത്സാഹനം...............................28
*ബയോഗ്യാസ് പ്ലാന്റ്*...........................................................................29

# ജി എച്ച്എസ് എസ്  മാരായമംഗലം




*പാലക്കാട്ജില്ലയിലെ*
*കുലുക്കല്ലൂർനെല്ലായ*
*ഗ്രമപഞ്ചായത്തുകൾ*
*ഒരെ സമയം പങ്കിടുന്ന*
*പരമപവിത്രമയ*
*വിദ്യാലയം.*
*മണ്ണാർക്കാട്*
*ഗുരുവായൂർ ദേശിയപാതയിൽ നിന്നും കേവലം*
*5 Km ദൂരത്തിൽ മാരായമംഗലം എന്ന*
*ഗ്രാമപ്രദേശത്ത് കഴിഞ്ഞ 62 വർഷങ്ങളിലായി*
*നിലനിന്ന് വരുന്നതും ഇവിടുത്ത് കാരുടെ സൊകാര്യ*
*അഹങ്കാരമായ ഈ വിദ്യാലയം കുടുതൽ ഉയരങ്ങളിലേക്*
*പറന്നു ഉയരുകയാണ്.*
*1957-58 വർഷം മുതൽ പ്രവർത്തനമാരംഭിച്ച്*
*ഈ വിദ്യാലയം നിരവദി കലാകായിക സംസ്കാരിക*
*പ്രദിപകൾക്ക് ജന്മം നൽകിയിട്ടുണ്ട്.*
*മുൻവർഷങ്ങളിൽ ഇവിടെ നിന്ന് പഠിച്ച് ഇറങ്ങിയവർ*
*പലരും ഇന്ന് ഉന്നസ്ഥാനങ്ങളിൽ എത്തി എന്ന്*

*അറിയുമ്പോൾ  ഈ വിദ്യാലയത്തെ സംഭന്ധിച്ചെട്ടത്തോളം സന്തോഷമുള്ള കാര്യമാണ്.*

## ലിറ്റിൽ  കൈറ്റ്സ്

കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ ഐ .ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്യം നൽകുന്ന സർക്കാർ കമ്പിനിയാണ് kite പൂർണ്ണ നാമം  (കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ ). പൊതു വിദ്യഭ്യാസ വകുപ്പിന്ന കീഴിലുള്ള ഐ.ടി@സ്കൂൾ പ്രൊജക്ടാണ് കൈറ്റായിമാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾ കൂടി ലക്ഷ്യ മിടുന്ന കൈറ്റിന്റെ  കൈറ്റിന്റെ പ്രവർത്തന കമ്പിനി രൂപീകരണത്തോടെ  ഉന്നത വിദ്യഭ്യാസ മേഖലയിലേക്കും വ്യാപിച്ചു . നവകേരള മിഷൻ തുടങ്ങിയതിന ശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക കാമ്പിനിയും കൈറ്റാണ്

ചുരുക്ക പേര് – കൈറ്റ്
രൂപീകരണം  – 2018
തരം     – സർക്കാർ കമ്പിനി
Legal status –സജീവം

ആസ്ഥാനം - തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ – അൻവർ സാദത്ത്
മാതൃ സംഘടന -പൊതു വിദ്യഭ്യാസ വകുപ്പ്

*കഥ*

## *ശാന്തി ,സമാധാനം, ഐക്യം,നാട് വീട്.......*

*" എനിക്ക് പഠിക്കാൻ പറ്റണില്ല്യാ അമ്മേ.... ആ മിക്സീടെ ശബ്ദം ഒന്ന് കുറച്ചേ അമ്മേ..."പുതിയ വീട് കയറ്റിയതിയതിന് ശേഷം അമ്മ എപ്പൊ നോക്കിയാലും വൃത്തിയാക്കലാണല്ലോ .അതിന്റെ ഓരോ ശബ്ദവും. എനിക്ക് വയ്യ.. "*
*"നിനക്ക് ആ മുറിയിലെങ്ങാനും പോയിരുന്നൂടെ..എന്നാ ഈ ശബദം കേൾക്കോ..?നിനക്ക് ഇവിടെ തന്നെ ഇരിക്കണം എന്ന് എന്താ ഇത്ര നിർബന്ധം. വൃത്തിയാക്കുന്നതിനെ കുറിച്ച് പറയുന്നു. എത്ര കഷ്ടപ്പെട്ടാ ഇത് പണിതതെന്ന് നിനക്കറിയോ?രാവും പകലും എന്നില്ലാതെ നിന്റെ അച്ഛന്റെ കഷ്ടപ്പാടാ ഇത്. അവസാനം കൊതിതീരോളം ഇവിടെ ഒന്ന് താമസിക്കാൻ പോലും അങ്ങേർക്ക് സാധിച്ചില്ല." "അയ്യോ ഇത്ര പെട്ടന്ന് എന്റെ പൊന്നമ്മ പിണങ്ങിയോ... ഈ അമ്മുക്കുട്ടി വെറുതെ*

*പറഞ്ഞതല്ലേ...?"ഇനി വരണ്ട.അച്ഛൻ വിളിക്കട്ടെ.ഞാൻ പറഞ്ഞു കൊടുക്കുന്നുണ്ട്""ഇനി മതി നിനക്ക് സ്കൂളിൽ പോകാൻ സമയമായില്ലേ...?വേഗം പോയി റെഡിയാവ്."അമ്മുവിന്റെ സ്കൂൾ തുറക്കുന്ന ആദ്യ ദിവസമാണിന്ന്.*

*ഇത്തവണ അവൾ പത്താം ക്ലാസിലാണ്.അവളുടെ പുത്തൻ വീട് എന്ന ആ സ്വപ്നത്തിൽ ആദ്യമായി , ആ പുത്തൻ വീട്ടിൽ നിന്ന് അവളുടെ പുതിയ അധ്യായന വർഷത്തിലേക്ക്. അമ്മയോട് യാത്ര പറഞ്ഞ് അവളും അനിയനും സ്കൂളിലേക്ക് പോയി.അന്നവൾക്ക് മറക്കാനാവാത്ത ദിവസമായിരുന്നു."അമ്മൂ.." വിളികേട്ട് തിരിഞ്ഞ് നോക്കിയപ്പോൾ അവളുടെ കൂടെ പഠിക്കുന്ന കുട്ടിയാണ്. നിന്റെ പുതിയ വീട് കാണാൻ നല്ല ഭംഗിയുണ്ട്. അശ്വതിയുടെ സംസാരം കേട്ട് അമ്മു അമ്പരന്നു.ഇത്രയും കാലം വീടില്ല പറഞ്ഞ് അമ്മുവിനെ വേദനിപ്പിക്കുകായിരുന്നു.ക്ലാസിലായും പുറത്തായാലും ഈ അന്തരം അശ്വതി കാണിച്ചിരുന്നു. തന്റെ അച്ഛൻ വേഗത്തിൽ കയറ്റിയതെന്ന് അപ്പോഴാണ് അമ്മുവിന് ബോധ്യമായത്.സന്തോഷത്തോടെ അമ്മു വീട്ടിലേക്ക് മടങ്ങി.വീട്ടിലെത്തിയപ്പോൾ അമ്മു അമ്മയോട് സ്കൂളിലെ കാര്യങ്ങൾ വിവരിച്ചു. ഒരു കൊച്ചു കുട്ടിയെന്ന വണ്ണം അമ്മു ചോദിച്ചു:"അമ്മേ അച്ഛൻ എന്നാ വരിക.." "എന്താ ഇപ്പൊ അങ്ങനൊരു ചോദ്യം " "എന്തോ  അച്ഛനെ കാണാൻ കൊതിയാകുന്നു." നിറകണ്ണുകളോടെ അമ്മ പറയുന്നു.*

*“അച്ഛൻ വരും.നമ്മളെല്ലാവരെയും കാണാൻ" .പുഞ്ചിരിയുടെ മുഖം മൂടിയണിഞ്ഞ് അവർ മുകളിലേക്കോടി.അച്ഛന്റെ ഫോട്ടോയും കെട്ടിപ്പിടിച്ചവൾതേങ്ങിക്കരഞ്ഞു. അവൾ സ്വയം പറഞ്ഞു - എന്തിനാ അച്ഛൻ പട്ടാളത്തിൽ പോയേ..... വേറെന്തെല്ലാം ജോലികളുണ്ട്.ഇത് കേട്ടേണ്ടാ അമ്മയുടെ കടന്നുവരവ്. “മോളേ അമ്മൂ.... അങ്ങനെ നീ ചിന്തിക്കരുത് .അച്ഛൻ പോയിരികുന്നത് നമ്മുടെ നാടിനെ സംരക്ഷിക്കാനാണ്. നാട് അത് നമ്മുടെ വീടാണ്.നമ്മുടെ ഈ  പുത്തൻ വീട് ആരെങ്കിലും വന്ന് ചോദിച്ചാൽ നീ അത് അവർക്ക് നൽകുമോ? നിങ്ങളെയം,നമ്മടെ വീടിനെയും ആരെങ്കിലും ഉപദ്രവിക്കാൻ വന്നാൽ നീ നോക്കിനിൽക്കുമോ? “ഇല്ല നമ്മൾ അപ്പോൾ പ്രതികരിക്കും "*

*നീ നിന്റെ വീടിനെ ഇഷ്ടപ്പെടുന്നില്ലേ? അത് പോലെ തന്നെയാണ് നമ്മുടെ രാജ്യം.ഇന്ത്യ  എന്ന നമ്മുടെ മഹാരാജ്യം, ഇന്ത്യൻ ജനത അവരെയെല്ലാം ശത്രുക്കളുടെ കയ്യിൽ നിന്നും സംരക്ഷിക്കാൻ, ശത്രുക്കളുടെ കഴുകൻ കണ്ണിൽ നിന്നും നമ്മുടെ വീടായ നമ്മുടെ ജീവനായ  രാജ്യം “ഇന്ത്യ" അതിനെ സംരക്ഷിക്കാനാണ് അച്ഛൻ പോയിരിക്കുന്നത്. അതിനെ ഒരു കുറവായി നാം  കാണരുത്. പട്ടാളക്കാരനായ ഒരച്ഛന്റെ മകളാണ് നീ.... ആ ധൈര്യം എപ്പോഴും നിന്റെ മനസ്സിലുണ്ടായിരിക്കണം. “ശരിയാണ് അമ്മ ... ഞാനൊരിക്കലും ഇനി അങ്ങനെ ചിന്തിക്കില്ല....അച്ഛൻ*

പോയിരിക്കുന്നത് നല്ലൊരു കാര്യത്തിനാണ്...... ആ അച്ഛന്റെ മകളാണ് ഞാൻ ഞാനൊരിക്കലും ഇനി കരയില്ല

ശരി ഇനി പോയികിടന്നുറങ്ങിക്കോ ...... നേരം കുറേ ആയി.

ഒരു ശുഭവാർത്തയോടെയാണ് അവരുടെ ജീവിതത്തിൽ ആ പുലർച്ച കടന്നുവന്നത്. മുന്നറിയിപ്പില്ലാതെയായിരുന്നു അച്ഛന്റെ വരവ് . ആ പുത്തൻ വീട്ടിൽ അന്ന് ഒരു അണുകുടുംബത്തിന്റെ സന്തോഷ ദിവസമായിരുസന്നു. അന്നത്തെ പ്രഭാതഭക്ഷണം  ആ കുടുംബം ഒന്നിച്ചിരുന്നു കഴിച്ചു. തന്റെ കുരുന്നുകൾക്ക് നല്ല ഒരു അധ്യായവും ആ അച്ഛൻ പഠിപ്പിച്ചു. മക്കളേ....... ഒരു വീട് വീടാവുന്നത് വീടിന്റെ അലങ്കാരമോ....ഭംഗിയോ ഒന്നുമല്ല.  അവിടെ താമസിക്കുന്നവരുടെ ഒരുമയും സ്നേഹവും ആണ്. നാമൊരിക്കലും അതിന് കളംഗം വരുത്തരുത്. കുസൃതി ചോദ്യവുമായി അമ്മുവിന്റെ അനിയൻ , അപ്പൊ അച്ഛാ "എനിക്ക് ചേച്ചിയെ നല്ല ഇഷ്ടമാണ്. അപ്പൊ ഞാൻ നല്ലകുട്ടിയല്ലേ." പിന്നല്ലാതെ! "ഈ വീട്ടിലെ ഏറ്റവും നല്ല കുട്ടി എന്റെ അപ്പുകുട്ടനാണ് "അപ്പൊ അമ്മയും ചേച്ചിയോ? അവരും നല്ല കുട്ടികളാ....കളിയും തമാശയുമായി അന്നത്തെ ദിവസം കടന്നുപോയി. പിറ്റേ ദിവസം അച്ഛൻ മടങ്ങുകയാ... മക്കളെ നോക്കിക്കോണം . അച്ഛൻ എന്നാ വരിക? ഞാൻ വേഗം വരാം... പിന്നെ ഒരു കാര്യം കൂടെ പറയാം. ഞാൻ പോകുന്നത് നമ്മുടെ രാജ്യത്തെ സംരക്ഷിക്കാനാണ് , നമ്മുടെ വീടായ രാജ്യത്തെ ഐക്യവും സമാധാനവും

*നിലനിർത്താനാണ് ഞാൻ പോകുന്നത് . ഞാൻ പറഞ്ഞത് ഓർമയില്ലേ ഒരു വീട് വീടാവാൻ ഐക്യവും സ്നേഹവും വേണമെന്ന്. അതുപോലെ നമ്മുടെ രാജ്യത്തും സ്നേഹവും ഐക്യവും സമാധാനവും നിലനിർത്തേണ്ടത് നമ്മുടെ കടമയല്ലേ അത് നിറവേറ്റുക തന്നെ വേണം . നല്ല ഒരു അധ്യായനം പകർന്നുകൊണ്ട് ആ അച്ഛൻ തന്റെ നാടിന്റെ സംരകഷണത്തിനായി തന്റെ പുത്തൻ വീടിനേയും വെടിഞ്ഞ് യാത്രയായി..................*

## ആർട്ട്  ഗാലറി




മാരായമംഗലംസ്കൂളിന്റെ അഭിമാനമാണ് ആർട്ട് ഗാലറി .ഷൊർണൂർ സബ്ജില്ലയിൽ ഈ വിദ്യാലയത്തിൽ മാത്രമാണ് ഇത്തരമൊരു ആർട്ട് ഗാലറി ഉള്ളത്. കലാധ്യാപകൻ സിദ്ദിഖ് സാറിന്റെ ശ്രമഫലമായാണ് ആർട്ട് ഗാലറി സാക്ഷാത്കരിച്ചത്.കുട്ടികളുടെ വരകൾ കൊണ്ട് സമ്പുഷ്ടമാണ് ഈ പ്രദേശം .കുട്ടികളിലെ കലാപരമായ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് ആർട്ട് ഗാലറി.

താരതമ്യേന സാമൂഹ്യ സാമ്പത്തിക അസ്ഥിരത അനുഭവിക്കുന്ന വിദ്യാർത്ഥികളാണ് കൂടുതലും ഈ

വിദ്യാലയത്തിൽ പഠിക്കുന്നത്. എങ്കിലും അവരിൽ നൈസർഗികമായി ധാരാളം സർഗാത്മകമായ കഴിവുകൾ ഉള്ളവരുമാണ്. പുറത്തുനിന്നും വളരെ അധികം സാമ്പത്തിക ചിലവുകളുള്ള കലാപരിശീലന പദ്ധതികൾ നേടാൻ കഴിയാത്ത ഭൂരിഭാഗം വിദ്യാർത്ഥികൾക്കും തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആർട്ട് ഗാലറിയിൽ വെച്ച് പരിശീലനകളരികൾ കലാധ്യാപകന്റെ നേധൃത്വത്തിൽ നടന്നു വരുന്നു.കൂടാതെ സ്കൂളിലെ സാംസ്കാരികവും അക്കാദമികവുമായ പൊതുപരിപാടികൾ ചിത്രകലാദ്ധ്യായനം എന്നിവയും ഇവിടെ നടക്കുന്നു . കൂടാതെ കുട്ടികളുടെ സർഗാത്മകസൃഷ്ട്ടികളുടെ അവതരണവും കലാവസ്തുക്കളുടെ പ്രധർശനവും ഒരുക്കുന്നതിനുള്ള സൗകര്യം ഇവിടെയുണ്ട്.

ധാരാളം പരിമിതികൾ നിലവിൽ ഉണ്ടെങ്കിലും ഒരു പൊതുവിദ്യാലയത്തിൽ ഇത് ഒരു മാതൃകാപ്രവർത്തനമായി വിലയിരുത്താവുന്നതാണ്. പാലക്കാട് ജില്ലയിലെ പൊതുവിദ്യാലയത്തിൽ ഇത് ഒരു മാതൃകയാണ് കലക്ക് മാത്രമായി ഒരു ക്ലാസ്സ്റൂം സംവിധാനവും കലാവസ്തുക്കൾ പ്രദർശിപ്പിക്കുന്നതിന് സ്കൂളിന് സ്വന്തമായി ഒരു ഗാലറി സംവിധാനം നിലവിൽ വന്നത് ജില്ലയിലെ ആദ്യത്തെ സ്വപ്ന പദ്ധതിയാണ്.ഔദ്യോഗിക തലത്തിൽ നിന്ന് ഉദ്യോഗസ്ഥർ സ്കൂളിൽ വന്ന് ആർട്ട് ഗാലറി സന്ദർശിക്കാൻ സ്കൂളിൾ അതോറിറ്റിയേയും,പ്രായോഗികതക്ക്

*പൂർണത നൽകിയതിന്റെ പേരിൽ കലാധ്യാപകനെയും പ്രശംസിക്കുകയുണ്ടായി. മൊത്തത്തിൽ സ്കൂളിലെ കലാസാംസ്കാരിക പ്രവർത്തനത്തിന് ഉണർവേകുവാൻ ഈ ഇടം വളരെ ഉപയോഗപ്രതമായ രീതിയിൽ ഉപയോഗിച്ചു വരുന്നു.*

## ഫേസ്ബുക്ക് വിശേഷങ്ങൾ

ഫേസ് ബുക്കിന്റെ പിതാവ്?
Mark Zuckerberg
സൗഹൃദക്കൂട്ടായ്മയുടെ ഇ–മുഖമാണ് ഫേസ്ബുക്ക്.
ലോകത്തെൻബാടുമുള്ള നൂറു കോടിയിലധികം ആളുകളെ തമ്മിൽബന്ധിപ്പിക്കുന്ന ഈ വെബ്സൈറ്റ് സൗഹൃദ ക്കൂട്ടായ്മക്കൊരു പുതിയ മാനം തന്നെ നൽകി.

## ടിപ്സ് &ട്രിക്സ്

1.ലിങ്കുകൾ പിന്നീട് വായിക്കാനായി എങ്ങിനെ സേവ് ചെയ്യാം
പോസ്റ്റിൽ മുകളിൽ വലതു വശത്തായി കാണുന്ന ടൗൺ ആരോയിൽ ക്ലിക്ക് ചെയ്യുക സേവ് പോസ്റ്റ് തിരഞ്ഞെടുക്കുക അപ്പോൾ പോസ്റ്റ് സേവാകുന്നു ഹോം പേജിൽഇടതുവശത്ത് favourite ന താഴെ saved ടാബിൽ

ക്ലിക്ക് ചെയ്യുക സേവ്ചെയ്തപോസ്റ്റുകൾകാണാം
2.റിലേഷൻ ശിപ്പ് സ്റ്റാറ്റസ്ആരും കാണാതിരിക്കാൻ

family and relationship ൽ profile എടിറ്റ് ചെയ്യുംബോൾ
പ്രൈവസി
ഫിൽട്ടർ only me ആക്കി സെറ്റ് ചെയ്താൽ മതി.

## പൂർവവിദ്യാർത്ഥി സംഗമം

*മാരായമംഗലം ഗവ:ഹയർ സെക്കണ്ടറി*
*സ്കൂളിൽപഠിച്ചിറങ്ങിയ 1982-83 1989-90 കാലഘട്ടകാ-*
*രായ S S L C ബച്ചുകളിലെ വിദ്യാർത്ഥികളും*
*അദ്യാപകരും പണം സ്യരുപിച്ച് മൂന്ന് ക്ലാസ് മുറികൾ*
*ഹൈടെക്ക് ആക്കി നവീകരിച്ചത്.*
*സർക്കാറിന്റ പൊതുവദ്യഭ്യാസ സംരക്ഷണ*
*യക്ഞത്തിന്റ ഭാഗമായാണ് മാരായമംഗലം*
*ഗവ:ഹൈസെക്കണ്ടറി സ്കൂൾ ക്ലാസ്സുറികൾ ഹൈടെക്*
*ആക്കാൻ തീരുമാനിച്ചത്. 2.4 ലക്ഷംരൂപ ചിലവഴിച്ചാണ്*
*ക്ലാസ് മുറികൾ ഹൈടൈക് ആകിയത് മൂന്ന്*
*ഘട്ടത്തിലായാണ്ക്ലാസ് മുറികൾ ഹൈടെക് ആക്കിയത്.*
*ആദ്യഗട്ടത്തിന്റ ഭാഗമായാണ് ക്ലാസ് മുറികൾ*
*ഹൈടെക് ആക്കിയത് 2,3 ഘട്ടത്തിലായി നടത്തിയ*
*നവികരണത്തിൽ*
*ക്ലാസുകളിൽ പ്രൊജക്റ്റർ, ലാപ്പ്ടോ പ്പുകളും,ഡിജിറ്റൽ*

*തുടങ്ങിയവ നവീകരിച്ചു.* സ്കൂളിൽ വെച്ച് നടത്തിയ ചടങ്ങിൽ കെഴിഞ്ഞ വർഷത്തെ പ്രധാന അദ്ധ്യാപിക [സുജാത ടീച്ചർ]

S S G കൺവീനർ പി. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.സറ്റാഫ് സെക്രട്ടറി ശിവദാസൻ പൂർവവിദ്യാർത്ഥികളായ ജയകുമാർ,P.G സജീഷ് C.ജയരാജൻ, K. സക്കീർഹുസൈൻ, ബാബുരാജ് എന്നവർ ചടങ്ങിൽ പങ്കെടുത്തു.

## സൂപ്പർ സ്ക്രിപ്റ്റും സബ്സ്ക്രിപ്റ്റും

*$a^2+2ab+b^2$, $H_2SO_4$ തുടങ്ങിയ രീതിയിലുള്ള ഗണിത സമവാക്യങ്ങളും രാസസൂത്രങ്ങളുമെല്ലാം ടൈപ്പ് ചെയ്യേണ്ട സാഹചര്യം നിങ്ങൾക്കുണ്ടാവാം.ഇതിൽ $a^2$, $b^2$ എന്നിവയിൽ 2 അൽപ്പം മുകളിലേക്കായി ക്രമീകരിച്ചിരിക്കുന്നതു കണ്ടില്ലേ. ഇതിന് സൂപ്പർ സ്ക്രിപ്റ്റ് എന്നാണ് പറയുന്നത്. $H_2O_2$ എന്നിവയിൽ 2,4 എന്നിവ അൽപ്പം താഴെയായി ക്രമീകരിച്ചിരിക്കുന്നു. ഇതിനെ സബ്സ്ക്രിപ്റ്റ് എന്നും പറയുന്നു.*

## _കടങ്കഥകൾ

1. കാള കിടക്കും കയറോടും?

-മത്തൻ

2.മുറ്റത്തെ ചെപ്പിനടപ്പില്ല ?

-കിണർ

3.ആകാശത്തോളമെത്തുന്ന തോട്ടി?

-കണ്ണ്

4.അകത്തു രോമം പുറത്തിറച്ചി?

-മൂക്ക്

5.ആയിരം പോലീസിന് ഒരു ബെൽറ്റ് ?

-ചൂല്

6.ഞാനില്ലാതെ സദ്യയില്ല,എന്നെ കണ്ടാൽ പായ പോലെ?

-വാഴയില

7.അമ്മയെ കുത്തി മകൻ മരിച്ചു?

*-തീപ്പെട്ടി*

## നിറമുള്ള ഓർമകൾ

*ഏഴ് നിറങ്ങളാൽ ചാലിച്ചഓർമയേ*

സഞ്ചരിക്കു നീ വാനം മുട്ടെ
മധുരമൂറും ഓർമയേ നൽകു നീ
നിന്റെ കൊച്ചു ഓർമ്മസഞ്ചിയിൽ നിന്നും
മുട്ടുക നീ എൻ കവാടത്തിൽ
ഒന്നുണർത്തു നീ എന്നെ-
വിചിത്രമാം ഈ ലോകം കാണാൻ
നിന്റെ ചിത്രം കാണാൻ കൊതിക്കുന്നു-
എൻ ചിത്തം
കഴിയുവതില്ല എനിക്കതു നഷ്ടം
കയ്പ്പേറും ഓർമകളേ.....
താഴിട്ടു പൂട്ടുന്നു നിന്നെ ഞാൻ
സ്മേര വദനമേകുന്ന എൻ ഓർമകളേ
വണങ്ങുന്നു നിൻ കാൽക്കൽ ഞാൻ
വിചനമാം ഈ ഭൂമിയിൽ
തടപ്പു നീ മാനവർക്കുള്ളിൽ
അകക്കണ്ണാം എൻ മനം -
പായുന്നു നിൻ കൂടെ
മധുരമീ ഓർമകൾ തുടരുമീ ഉലകത്തിൽ-
കയ്പ്പേറും ഓർമയേ നിൻ സ്ഥാനം എവിടെ?
ഓർമയേ നീ പറക്കുക -
നിൻ വിശാലമായ ചിറകിനാൽ.....
ഓർമയേ നിന്റെ പാതയിൽ അലയുന്ന ഞാൻ -
നിൻ യാതാർത്ഥ്യത്തെ തേടി..
നീ ഇല്ലാതെ നടക്കുവതില്ല-

# വിജയത്തിളക്കത്തിൽ

# മാരായമംഗലം ഹൈസ്കൂൾ

*മാരായമംഗലം :2018-19 അധ്യായന വർഷത്തിൽ പഠനരംഗത്തും കലാകായികരംഗത്തും മാരായമംഗലം ഹൈസ്കൂൾ മികവു പുലർത്തി.SSLC യിൽ വിദ്യാഭ്യാസ ജില്ലയിൽ സർക്കാർ സ്കൂളിൽ മുൻപന്തിയിൽ SSLC 6 FULL A+,PLUS TWO വിൽ 7 FULL A+ അടക്കം ഉയർന്ന ഗ്രേഡുകളും സ്കൂളിനെ 100 ശതമാനം വിജയത്തിലേക്ക് എത്തിച്ചു. സ്കൂൾ ഉയരങ്ങളിലേക്ക് മുന്നേറുന്നു.കൂടാതെ 3 കുട്ടികൾക്ക് USS സ്കോളർഷിപ്പും ഒരു കുട്ടിക്ക് NMMS സ്കോളർഷിപ്പും 8 കുട്ടികൾക്ക് സംസ്കൃത സ്കോളർഷിപ്പും ലഭിച്ചു .കൂടാതെ ശാസ്ത്ര കലാകായികരംഗത്ത് മികച്ച പ്രകടനവും യോഗയിൽ ജില്ലാതല പങ്കാളിത്തവും സ്കൂളിനുണ്ട്.*

# വിജയകുതിപ്പിൽ മാരായമംഗലം

*ഓരോ വർഷം കടന്നു പോകുന്തോറും മാരായമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വിജയത്തിന്റെ കൂടുതൽ ഉയരങ്ങളിലേക്കുള്ള ചവിട്ടുപടികയറിക്കൊണ്ടിരിക്കുകയാണ്. 2018-19 അധ്യായന വർഷത്തിൽ സ്കൂൾ സമ്പൂർണ വിജയം കൈവരിച്ചതിന്റെ ഭാഗമായി 2019 ജൂലൈ 15 തിങ്കളാഴ്ച്ച രാവിലെ 10:30 ന് സ്കൂളിൽ വിജയോത്സവം സംഘടിപ്പിച്ചു. ജില്ലാപഞ്ചായത്ത് പെതുമരാമത്ത് സ്റ്റാന്റിഗ് കമ്മിറ്റിചെയർമാൻ ശ്രീ.പി.കെ സുധാകരൻ മാസ്റ്റർ പരിപാടി ഉദ്ഘാടനം നടത്തി. നെല്ലായ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.കെ മുഹമ്മദ് ഷാഫി പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു.SSLC പരീക്ഷയിൽ ഉന്നതവിജയം കൈവരിച്ച വിദ്യാർത്ഥികൾ,+2 പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾ,USS വിജയികൾ, വിവിധ സ്കോളർഷിപ്പ് വിജയികൾ, കലാകായികരംഗത്ത് മികച്ച പ്രകടനം കാഴ്ച്ച വെച്ച വിദ്യാർത്ഥികൾ തുടങ്ങിയവരെ പരിപാടിയിൽ അനുമോദിച്ചു. പരിപാടിയിൽ വെച്ച് മലബാർ എഡ്യുക്കേഷൻ സൊസൈറ്റി അംഗമായ ശ്രീ മുഹമ്മദാലി മാടാല, പൂർവ്വവിദ്യാർത്ഥികളായ ശ്രീ ഷാജഹാൻ.പി, കുഞ്ഞാലവി.പി എന്നിവർ USS വിജയികൾക്ക്സമ്മാനമായി സൈക്കിൾ സംഭാവന ചെയ്തു.*

*രാവിലെ 10:30 ന് ആരംഭിച്ച പരിപാടി ഉച്ചക്ക് 1:00 മണിയോടെ അവസാനാച്ചു.*

## കൊതിക്കുന്ന ബാല്യം

ഇല്ലാ ഇനിയൊരു മടക്കയാത്രയെന്നറിയാം
എങ്കിലും ഒന്നാഗ്രഹിച്ചുപോയി ഞാൻ
ആദ്യക്ഷരത്തിൽതാളം പിടിചതും
വിദ്യലയത്തിൻ പടികൽ കയറിയതും
കാലമേ നൽകീട്ടുമോ ആ വസത്ദക്കാലം
ഒരിവട്ടമെങ്കിലും എന്നിലായ്യൊരിയുമൊ
ആറിൻ മീൻക്കുഞ്ഞുങ്ങളെ
കൗതുകത്താലെ നോക്കിയിരുന്നതും
പള്ളിക്കൂടത്തിൻ പോകുംവഴി
ഒരു കോലു മിഠായിക്കായി ശാഠ്യം പിടിചതും
മുല്ലകൽ പൂക്കുംനേരം എൻ
അമ്മതൻ മാറിന്റെചൂടേറ്റുറങ്ങിയതും
എല്ലാം ഒരോർമ്മയായ് എരിയുന്നുനെഞ്ജിൽ
കത്തിപടരുന്ന ആ ബാല്യകാലത്തിൻ ഓർമ്മകൽ
എന്നും ഒരു മുറിപ്പാടായ് മാറവേ

എക്കിലും സതൃഷ്ഠയാണൃ ഞാൻ കാലമേ
ഇൗനിറമാർന്ന ഓർമ്മകൽ ആസ്യദിചതിൻ

## ജൈവ വൈവിധ്യ റജിസ്റ്റർ

സ്കൂൾ കോമ്പൗണ്ടിൽ ഉള്ള ചെറിയ ചെടികൾ മുതൽ വലിയ മരങ്ങൾ വരെ ഉള്ള മുഴുവൻ സസ്യങ്ങളുടെയും ലിസ്റ്റ് എടുത്ത് ജൈവ വൈവിദ്യ റജിസ്റ്റർ നിർമ്മിച്ചു.
വനവത്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഓരോ ചെടിയും നമ്മുക്കെത്രത്തോളം പ്രാധാന്യമുള്ളതാണ് എന്ന് അറിയാനായും ഈ പ്രവർത്തനംകൊണ്ട് കഴിഞ്ഞു. ഒരു നക്ഷത്രവനം നിർമ്മിക്കണമെന്ന ആശയം കുട്ടികളിൽ നിന്ന് ഉയർന്നു. ഒരു മരം മുറിച്ച് മാറ്റുമ്പോൾ അവർ റജിസ്റ്ററിൽ നിന്നു മാറ്റുകയും പകരം രണ്ട് ചെടികൾ പറ്റിയ സ്ഥലത്ത് നട്ടുവളർത്തണം എന്ന് തിരുമാനിച്ചു.

## ഫുഡ് ഫെസ്റ്റ്

സ്വാതുള്ള ഭക്ഷണം സുരക്ഷിത ഭക്ഷണം എന്ന ആശയം മുൻനിർത്തി ക്കൊണ്ട ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു .7,8 ക്ലാസുകൾ ഒരു വിഭാഗവും 9,8 ക്ലാസുകൾ മറ്റൊരു വിഭാഗവുംമയുമാണ് ഫുഡ് ഫസ്റ്റ് സംഘടിപ്പിച്ചത്. 50 ഓളം ടീമുകൾ പങ്കെടുത്തു. കുട്ടികൾക്ക്



*കാണുന്നതിനും രുചിക്കുന്നതിനുമുള്ള അവസരം നൽകി. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്,P.T.A ഭാരവാഹികൾ എന്നിവർ പങ്കെടുത്ത് സമ്മാനവിതരണവും നടന്നു.*

## ചങ്ങാതിക്കൂട്ടം



*9,10 ക്ലാസിലെ ശാരീരിക,മാനസിക വൈകല്ല്യമുള്ള കുട്ടികളെ ക്ലാസിലെ വിദ്യാർത്ഥികളും അധ്യാപകരും സന്ദർശിച്ചു. അവരോടൊപ്പം വിശേഷങ്ങൾ പറഞ്ഞ് സമയം ചിലവഴിച്ചു. ഇവർക്കായി സ്വരൂപിച്ച സ്നേഹ സമ്മാനങ്ങൾ നൽകി.*

# പരിസ്ഥിതി അവലോകനയോഗം

*നെല്ലായ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കാളംകുന്ന് പ്രദേശത്തെ പ്രകൃതി രമണീയത നിലനിർത്താനെ അതിൻറ്റെ സംരക്ഷണ*

*പ്രവർത്തനം ഏറ്റെടുക്കാനായി 12/8/2019 സ്കൂൾ PTA, S.S.T പരിസ്ഥിതി പ്രവർത്തകർ സ്കൂൾ പരിസ്ഥിതി അംഗങ്ങൾ എന്നിവരുടെ യോഗം നടന്നു. സ്വാതന്ത്ര്യദിനത്തിൽ കാളംകുന്ന് ശുദ്ധീകരിക്കാനും പ്രസ്തുത പ്രദേശം നേരിടുന്ന വെല്ലുവിളികൾ അധികൃതരുടെ ശ്രദ്ധയുടെ യോഗം കൊണ്ടുവരുന്നതിനും തീരുമാനിച്ചു.*

# ചെറു കവിത

വാക്കുകൾ കൊണ്ട്
അലങ്കരിക്കാൻ
പറ്റാതെ പോയൊരു
കവിതയുണ്ട് മനസ്സിൽ.
നിന്റെ ചില്ലയിലേക്ക്ചെറു കവിത
ചേക്കേറാൻ കഴിയാതെ
എന്റെ ഹൃദയത്തിന്റെ
അടിത്തട്ടിൽ തന്നെ കൂട് വെച്ചു
*രാപ്പാർക്കുന്നൊരു ചെറു കവിത.*

# കാളംകുന്ന് സംരക്ഷണം

നെല്ലായ – കുലുക്കല്ലൂർ പ്രദേശത്തെ ഊട്ടി എന്ന വിശേഷണത്തിന് അർഹമായ പ്രദേശമാണ് മാരായമംഗലത്തെ കാളംകുന്ന് പ്രദേശം.....
മാരായമംഗലത്തെയും



എഴുവന്തലയെയും ബന്ധിപ്പിച്ച കൊണ്ട് രണ്ട് പഞ്ചായത്തുകളിലായി ഈ പ്രദേശം സ്ഥിതി ചെയ്യുന്നു. ഒരു കാലത്ത് പ്രകൃതി രമണീയമായിരുന്ന ഈ കാളംകുന്ന് പ്രദേശം ഇന്ന് മാലിന്യക്കുന്നായി മാറിയിരിക്കുന്നു.... പ്ലാസ്റ്റിക്, അറവ് മാലിന്യങ്ങൾ, മദ്യക്കുപ്പികൾ, മറ്റു നിരവധി തരം മാലിന്യങ്ങൾ നിറഞ്ഞ് ദുർഗന്ധപൂരിതമായ അന്തരീക്ഷമാണ് നിലവിൽ അവിടെയുള്ളത്. മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നു, വേണ്ട രീതിയിൽ ഈ കുന്നിനെ സംരക്ഷിച്ചില്ലെങ്കിൽ സമീപഭാവിയിൽ ഉരുൾ പൊട്ടൽ പോലുള്ള പ്രകൃതിദുരന്തങ്ങൾ തള്ളി കളയാനാവില്ല. സ്വാതന്ത്ര്യദിനത്തിൽ കാളകുന്ന് സംരക്ഷണ മുദ്രാവാക്യം ഉയർത്തി. മാരായമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ മാതൃഭൂമി സീഡ്
പ്രവർത്തകരും അധ്യാപകരും പ്രദേശത്തെ മാലിന്യ നിർമാർജനം, ബോധവൽക്കരണ പ്രവർത്തനം നടത്തി. ധാരാളം സ്കൂൾ വിദ്യാർത്ഥികളും നാട്ടുകാരും നിത്യേന ഉപയോഗിക്കുന്ന പ്രദേശത്തെ പ്രദേശിക വാസികൾ പ്രദേശത്തിന്റെ ഇന്നത്തെ ആശങ്കാകുലരാണ്.നിരവധി ഭാഗത്ത് മണ്ണിടിഞ്ഞ കാഴ്ച കാണാം..... പഞ്ചായത്ത് ഫോറസ്റ്റ് തുടങ്ങി വിവിധ സംവിദാനങ്ങളിൽ ഈ വിശയം ശ്രദ്ധയിൽ പെടുത്താൻ കുട്ടികൾ തീരുമാനിച്ചിട്ടുണ്ട്..... സാമൂഹിക വിരുദ്ധരുടെ വിഹാരകേന്ദ്രമായി മാറുന്ന അവസ്ഥ പോലീസ് എക്സൈസ് അധികൃതരും ശ്രദ്ധിക്കണമെന്ന് കുട്ടികൾ ആവശ്യപ്പെടുന്നു. സീഡ് കോ-

ഓാടിനേറ്റർ ശിവദാസൻ ഇ, സരസ്വതി പി, ജനാർദ്ദനൻ, അബ്ദുൽ നാസർ ബി സി, ബിപിൻ, റംല, ബിന്ദു കെ, മഞ്ജുഷ, ധന്യ, എന്നിവരും 40-ഓളം കുട്ടികളും പങ്കെടുത്തു.

## നരിമട സന്ദർശനം

വിശാലമായ ടൂറിസം സാധ്യത പ്രയോജനപ്പെടുത്താവുന്ന കല്യക്കല്ലൂർ ഗ്രാമ പഞ്ചായത്തിലെ പ്രകൃതി രമണീയമായ ഒരിടമാണ് നരിമട.മാരായമംഗലം ഹൈസ്കൂളിലൂടെ അര മണിക്കൂർ നടന്നാണ് നരിമട ഭാഗത്ത് ഞങ്ങൾ എത്തിച്ചേർന്നത്.

മാരായമംഗലത്തെ പ്രാദേശിക ചരിത്രം പറയുമ്പോൾ നരിമടക്കുള്ള സ്ഥാനം ചെറുതല്ല സ്കൂൾ പരിസ്ഥിതി ക്ലബ്ബിലെ ആഭിമുഖ്യത്തിൽ പത്തോളം പേർ നരിമട സന്ദർശിച്ചു.വളരെ സാഹസികമായ ഒരു യാത്രയായിരുന്നു കുറച്ച് കാലങ്ങൾക്ക് മുമ്പ് വരെ പുലിയും നരിയുമൊക്കെ ഉള്ളതു കൊണ്ടാണ് ഇതിന് നരിമട എന്ന് പേര് വീണത്.

ഈ ഗുഹയിലൂടെ കയറിയാൽ മുകളിലെ ദ്വാരത്തിലൂടെ തിരിച്ചുവരാൻ സാധിക്കും.ആനപ്പാറയും ഉയരമുള്ള സ്തൂഭങ്ങളും ഇവിടെ കാണാം.കുന്നിൻ മുകളിൽ നിന്നു നോക്കുമ്പോൾ തൂതപ്പുഴയും കാണാൻ കഴിയും.

## കൃഷി ഓഫീസ് സന്ദർശനം

സമഗ്ര പച്ചക്കറി വികസനം പദ്ധതിയുമായി ബന്ധപ്പെട്ട നെല്ലായ   കൃഷിഭവൻ സന്ദർസച്ചു. ലക്ഷമിഗായത്രിയുടെ നേതൃത്വത്തിലുള്ള കുട്ടികൾ കൃഷി ഓഫപീസറുമായിബന്ധപ്പെട്ട് കൃഷിഭവൻ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. സന്ദർശിച്ച കുട്ടികൾക്ക് പച്ചക്കറി വിത്തുകൾ നൽകി എഴുവന്തലയിലെ ജൈവപാടം കൈകാര്യം ചെയ്യുന്ന കർഷകരെ കാണാൻ കഴിഞ്ഞു. ഓഫീസ് പ്രവർത്തനങ്ങൾ മനസ്സിലാക്കി.

## മുഖ്യമന്ത്രിയുടെ

## ദുരിതാശ്വാസനിധിയിലേക്ക്

പ്രളയത്തിന് കൈത്താങ്ങായി മാരയമംഗലം സ്കൂളിലെ കുട്ടികളും ഓണവും ഓണാഘോഷവും മാറ്റിവച്ച് മുഖ്യമന്ത്രിയുടെ
ദുരിധാശ്വാസത്തിലേക്ക് സംഭാവന നൽകി. പഞ്ചായത്ത്

വിവിധ പ്രദേശങ്ങളെ ദുരിതഭാദിതരെ സഹായിച്ചതിന് പുറമെയാണ് ഇത്.

## സമ്മാനമായി സൈക്കിൾ

പെൺകുട്ടികളിൽ  സൈക്കിൾ ഉപയോഗം വ്യാപകമാക്കുക എന്ന ഉദ്ദേശത്തുകൂടി 'സമ്മാനാമായി സൈക്കിൾ' എന്ന പദ്ധതി ആരംഭിച്ചു. u.s.s സ്കോളർഷിപ്പ് ലഭിച്ച ഷഹാന ഷെറിൻ, അരുണിമ, മുനവിറ, എന്നീ കുട്ടികൾക്ക് പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി സൈക്കിൾ***ശാന്തി ,സമാധാനം, ഐക്യം,നാട് വീട്......***ആർട്ട് ഗാലറിസൂപ്പർ സ്ക്രിപ്റ്റും സബ്സ്ക്രിപ്റ്റും _കടങ്കഥകൾനിറമുള്ള ഓർമകൾവിജയത്തിളക്കത്തിൽ മാരായമംഗലം ഹൈസ്കൂൾവിജയകുതിപ്പിൽ മാരായമംഗലംകൊതിക്കുന്ന ബാല്യ0ജൈവ വൈവിധ്യ റജിസ്റ്റർ ഫുഡ് ഫെസ്റ്റ് ചങ്ങാതിക്കൂട്ടംപരിസ്ഥിതി അവലോകനയോഗംചെറു കവിതനരിമട സന്ദർശനം കൃഷി ഓഫീസ് സന്ദർശനം മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസനിധിയിലേക്ക്സമ്മാനമായി

സൈക്കിൾL E D നിർമാണം **പ്ലാസ്റ്റിക് പേന ശേഖരണം മഷിപ്പേന പ്രോത്സാഹനം** ***ബയോഗ്യാസ് പ്ലാന്റ്***

നൽകി.വിവിധ മത്സരപ്പരീക്ഷകളിൽ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിൽ സ്കൂളിൽ അക്കാദമിക രംഗം കൂടുതൽ മെച്ചപ്പെടുന്നതിനും ഇത് സഹായിച്ചിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്തിൻെ സഹകരണത്തോടെ ഓരു വീട്ടിൽ ഓരു സൈക്കിൾ.എന്ന പദ്ധതി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്.

## L E D നിർമാണം

ഉയർച്ച സംരക്ഷണ പ്രവർത്തനങ്ങൾക്ക് കരുത്തേകി മറ്റെല്ലാത്തരം ബൾബുകൾക്ക് പകരമായി L E D വ്യാപിക്കാനുള്ള ഗ്രാമത്തിലാണ് സ്കൂൾ മലബാർ പോളി ടെക്നിക് സന്ദർശിച്ചു . L E D നിർമാണം ക്ലാസിൽ കുട്ടികളെ പങ്കെടുപ്പിച്ചു സ്കൂളിൽ പ്രത്യേക LED നിർമാണ യൂണി തുടങ്ങാനുള്ള ശ്രമത്തിലാണ്.9.W പവർ ഉള്ള LED ബൾബുകൾ നിർമ്മിക്കാൻ ആവശ്യമുള്ള ഭാഗങ്ങൾ 64 രൂപക്ക് ലഭ്യമാക്കിത്തരാമെന്ന് അറിയിച്ചിട്ടുണ്ട്

അതുപയോഗിച്ചു കൊണ്ട് LED നിർമ്മിച്ച് വീടുകളിലും സ്കൂളിലും LED വ്യാപിപ്പിക്കാനാണ് ശ്രമിക്കുന്നത്.

# പ്ലാസ്റ്റിക് പേന ശേഖരണം മഷിപ്പേന പ്രോത്സാഹനം

കുട്ടികൾ അവരവരുടെ കൈവ നൽകി.വിവിധ ശമുള്ള പ്ലാസ്റ്റിക്ക് പേനകൾ സ്കൂളിലേക്ക്കൊണ്ടുവരാനും പ്രത്യേകം സജ്ജമാക്കിയ ഭാഗത്ത് നിക്ഷേപിക്കാൻ അധ്യാപകർ ആവശ്യപ്പെട്ടു. ഇത്തരം പ്ലാസറ്റിക്കുകൾ ഒഴിവാക്കേണ്ട ആവശ്യകതയെ ക്കുറിച്ച് ക്ലാസ്സുറികളിൽ ബോധവത്കരണം നടത്തി സമ്മാനങ്ങളായി മഷിപേനകൾ നൽകുന്ന കാര്യം തീരുമാനിച്ചു.സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ മഷി നിർമിക്കാനുള്ള സംവിധാനം ഒരുക്കാൻ തീരുമാനിച്ചു.



# ബയോഗ്യാസ് പ്ലാന്റ്

സ്കൂളിലെ ഭക്ഷണ അവശിഷ്ടങ്ങൾ ഉപയോഗിച്ച നല്ല രീതിയിൽ പ്രവർത്തിക്കുന്ന രണ്ട് ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്. പ്ലാന്റിലെ സ്ലറി നീക്കം ചെയ്യാൻ പരിസരം വൃത്തിയാക്കൽ എന്നിവ അധ്യാപകരുടെ നേതൃത്യത്തിൽ കുട്ടികൾ തന്നെ നടത്തുന്നു. ഉണ്ടാകുന്ന സ്ലറി അടുക്കള പച്ചക്കറിത്തോട്ടത്തിനും മറ്റുംഉപയോഗിക്കുന്നു.സ്കൂബയോഗ്യാസ്ളിൽ ചേർന്നുള്ള വീടുകളിൽ കാർഷികാവശ്യത്തിനായി സ്ലറി കൊണ്ടുപോകുന്നുണ്ട്.